സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് നടപടി

94 [1273] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ആശുപത്രികൾ ഉണ്ട്;

(ബി) സ്വകാര്യ ആശുപത്രികളിലെ ഭൂരിപക്ഷം ജീവനക്കാർക്കും മിനിമം വേതനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1899.

(ബി, സി) സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ എന്നിവയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം പുതുക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലുള്ള വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച മരുന്ന് സാമ്പിളുകളുടെ എണ്ണം

95 [1274] ശ്രീ. പിണറായി വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 വർഷത്തിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഡ്രഗ്സിന്റെ എത്ര സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; അവയിൽ ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയത്; ഗുണനിലവാരം ഇല്ലാത്ത ഔഷധങ്ങൾ നിർമ്മിച്ചു വിപണിയിൽ ഇറക്കിയ മരുന്ന് കമ്പനികൾക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരം ഇല്ലാത്തതായി കണ്ട കേസുകളിൽ മരുന്നുകൾ വിപണിയിൽ ഇറക്കിയതിന് ഏതെങ്കിലും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1995-96 വർഷത്തിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കിയ 1457 സാമ്പിളുകളിൽ 83 മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 15 എണ്ണം സംസ്ഥാനത്തിനകത്തുള്ള നിർമ്മാതാക്കളുടേതാണ്. ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയ സംസ്ഥാനത്തിനകത്തുള്ള മരുന്നു നിർമ്മാതാക്കളിൽ ഒരു കേസിൽ പ്രോസിക്യൂഷൻ നടപടിയും മറ്റു നാല്

LIBRARY ARCHIVES Kerala Legislative Assembly